(സി) പ്രസ്തുത പ്രൊമോഷൻ സ്തംഭനാവസ്ഥയ്ക്ക് കാരണം വിശദമാക്കുമോ ;

(ഡി) ആയത് പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) 9-6-2015-ലാണ് പഞ്ചായത്ത് വകുപ്പിൽ ജീവനക്കാരുടെ പ്രൊമോഷൻ ഏറ്റവും അവസാനം നടന്നത്.

(ബി) പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ - 2

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ - 6

പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ - 7

സീനിയർ സൂപ്രണ്ട് - 14

പഞ്ചായത്ത് സെക്രട്ടറി - 214

(സി & ഡി) പഞ്ചായത്ത് വകുപ്പിൽ സീനിയോറിറ്റി പുനക്രമീകരിച്ചതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്തിരുന്ന ഒ.എ. 1002/2014, ഒ. എ. 1375/2014, ഒ.എ. 735/2014 (എറണാകുളം), റ്റി. എ. 171/2013 എന്നീ ഹർജികൾ തീർപ്പാക്കി 6-3-2015-ൽ ഉത്തരവായിരുന്നു. ടി ഉത്തരവിൽ പഞ്ചായത്ത് വകുപ്പിലെ സീനിയോറിറ്റിയുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും, സീനിയോരിറ്റി/ഗ്രഡേഷൻ പട്ടികയും ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ റദ്ദ് ചെയ്യുകയും 1-1-1990 വരെയുള്ള ഒന്നാം ഗ്രേഡ് എക്സ്ക്യൂട്ടീവ് ഓഫീസർമാരുടെ പുതുക്കിയ സീനിയോരിറ്റി പട്ടിക തയ്യാറാക്കാനും ഉത്തരവായി. ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ട ഒ.പി. (അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ)യിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിവരെയുള്ള തസ്തികകളിൽ താൽക്കാലിക സ്ഥാനക്കയറ്റം അനുവദിക്കാൻ 15-5-2015-ൽ ഉത്തരവായിട്ടുണ്ട്.

മാവേലിക്കര മണ്ഡലത്തിൽ മാതൃകാ അംഗനവാടി

262 (T 1634) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മാവേലിക്കര മണ്ഡലത്തിൽ മാതൃകാ അംഗനവാടി സ്ഥാപിക്കുന്നതിനും ചുനക്കര ഗ്രാമപഞ്ചായത്ത്, പഞ്ചായത്തതിർത്തിക്കുള്ളിലെ പുറമ്പോക്ക് സ്ഥലം ലഭ്യമാക്കുന്നതിനും അനുമതി നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത സ്ഥലത്ത് മാതൃകാ അംഗനവാടി ആരംഭിക്കുന്നതിന് വില്ലേജ് ആഫീസർ റിപ്പോർട്ട് തയ്യാറാക്കി നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(സി) മാതൃകാ അംഗനവാടി ആരംഭിക്കുന്നതിന് പ്രസ്തുത സ്ഥലം വിട്ടുനൽകുന്നതുമായി ബന്ധപ്പെട്ട് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) മാവേലിക്കര നിയോജകമണ്ഡലത്തിൽ മാതൃകാ അങ്കണവാടി നിർമ്മിക്കുന്നതിന് ചുനക്കര പഞ്ചായത്തിലെ 51-ാം നമ്പർ അങ്കണവാടിയെ മാതൃകാ അങ്കണവാടിയാക്കി ഉയർത്തി ഭരണാനുമതി നൽകിയിട്ടുണ്ടെങ്കിലും ടി സ്ഥലം സംബന്ധിച്ച തർക്കം നിലനിൽക്കുന്നതിനാൽ ചുനക്കര പഞ്ചായത്തിലെ തന്നെ സെന്റർ നമ്പർ 34 മാതൃകാ അങ്കണവാടിയാക്കി ഉയർത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

മാവേലിക്കര മണ്ഡലത്തിൽ നടപ്പാക്കുന്ന പ്രവൃത്തികൾ

263 (1635) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മാവേലിക്കര മണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നാളിതുവരെ എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം നടപ്പാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ചുനക്കര, ന്യൂനാട് പഞ്ചായത്തുകളിലെ ഓഫീസുൾപ്പെടെയുള്ള വ്യാപാര സമുച്ചയത്തിന്റെയും ന്യൂനാട് മുക്കാട് തോടിനു കുറുകെയുള്ള പാലത്തിന്റെയും നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly